**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1912** **12-09-2023 - ൽ മറുപടിയ്ക്ക്**

**വയോജനങ്ങൾക്കായി നടപ്പാക്കിയിട്ടുള്ള ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ വയോജനങ്ങൾക്കായി നടപ്പാക്കിയിട്ടുള്ള ക്ഷേമ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ; | (എ) | വയോജനങ്ങളുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | സാമൂഹ്യനീതി വകുപ്പിന് നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ഓഫീസുകൾ പ്രവർത്തിക്കുന്നില്ല. |
| (സി) | പ്രസ്തുത പദ്ധതികളിലൂടെ എത്ര ഗുണഭോക്താക്കൾക്ക് നാളിതുവരെ പ്രയോജനം ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ? | (സി) | വയോജനങ്ങളുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ മുഖേന ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.വയോപോഷണം. -5019 ( 2021-22 ൽ 2447, 2022-23 ൽ 2572)<br><br>2.വയോ -അമൃതം പദ്ധതി - 726 (സർക്കാർ വൃദ്ധമന്ദിരങ്ങളിലെ താമസക്കാർ)<br><br>3.സെക്കന്റ് ഇന്നിംഗ്സ് ഹോം - കണ്ണൂർ - 6 മലപ്പുറം -, 56, കൊല്ലം - 81 (വൃദ്ധമന്ദിരങ്ങളിലെ താമസക്കാർ).<br><br>4.ഡിമെൻഷ്യ സെന്ററുകളുടെ പ്രവർത്തനം :-<br><br>എറണാകുളം, എടവനക്കാട് - പദ്ധതി തുടങ്ങിയ നാൾ മുതൽ 82 പേർക്ക് സേവനം നൽകിയിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിലുള്ള 15 പേർക്ക് സേവനം നൽകി വരുന്നു.<br><br>തൃശ്ശൂർ, കുന്ദംകുളം - പദ്ധതി തുടങ്ങിയ നാൾ മുതൽ 71 പേർക്ക് സേവനം നൽകിയിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിലുള്ള 25 പേർക്കും പുറത്തുള്ള 2 പേർക്കും ഉൾപ്പടെ 27 പേർക്ക് സേവനം നൽകി വരുന്നു.<br><br>5.വയോ മധുരം പദ്ധതി - 2018-19 - 140000, 2019-20-10340, 2021-22-1400, 2022-23 - 865 |

| | | | |
|---|---|---|---|
| | | | ആകെ 29,655 ഗുണഭോക്താക്കൾ<br><br>6.വയോജന കാൾ സെന്റർ - 69,712 കാളുകൾ ലഭിച്ചു.<br><br>7.വയോരക്ഷ പദ്ധതി - ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 196 ഗുണഭോക്താക്കൾക്കു സംസ്ഥാനത്ത് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്<br><br>വയോമിത്രം പദ്ധതിയിലൂടെ നാളിതുവരെ 289030 വയോജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട് .<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി മോണിറ്ററിംഗ് സോഫ്റ്റ്‌വെയർ ആയ സുലേഖയിൽ നിന്നും ശേഖരിച്ചതിൻപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 2023-24 വർഷം നടപ്പിലാക്കിയ വയോജനങ്ങൾക്കുള്ള വിവിധ പദ്ധതികളിൽ 57,119 പേരെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിരിക്കുന്നു.<br><br>പകൽ വീടുകൾ, വയോജന പരിപാലന കേന്ദ്രങ്ങൾ എന്നിവയുടെയും പാലിയേറ്റീവ് സേവനം ഉപയോഗപ്പെടുത്തുന്ന വയോജനങ്ങളുടെയും എണ്ണത്തിന് പുറമേയാണിത്. കൂടാതെ 2023 ജൂൺ മാസത്തിലെ കണക്കനുസരിച്ച് 28,77,260 ഗുണഭോക്താക്കൾക്ക് വാർദ്ധക്യകാല പെൻഷനും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1) വയോ അമൃതം പദ്ധതി : സർക്കാർ വൃദ്ധസദനങ്ങളിൽ എത്തപ്പെടുന്ന താമസക്കാരുടെ ആരോഗ്യ സംരക്ഷണത്തിനും, സാന്ത്വന പരിചരണത്തിനും വേണ്ടി സാമൂഹ്യനീതി വകുപ്പ് ഭാരതീയ ചികിത്സ വകുപ്പുമായി ചേർന്ന് 14 ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് വയോ അമൃതം പദ്ധതി. 2014-15 സാമ്പത്തിക വർഷം മുതൽ സാമൂഹിക നീതി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 16 വൃദ്ധ സദനങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഓരോ വർഷവും എകദേശം 900-1000 താമസക്കാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നുണ്ട്.

(2)സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി: വൃദ്ധ സദനങ്ങളുടെ നിലവാരം ദേശീയ തലത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കണ്ണൂർ വൃദ്ധ സദനത്തിൽ സെക്കന്റ് ഇന്നിംഗ്സ് ഹോം എന്ന പേരിൽ പദ്ധതി ആരംഭിച്ചു. പദ്ധതിയുടെ പ്രഥമ പരിഗണന അടിസ്ഥാന സൗകര്യ വികസനം, സേവനത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തൽ, താമസക്കാരുടെ സംതൃപ്തമായ ജീവിതം ഉറപ്പുവരുത്തുക എന്നിവയ്ക്കായിരുന്നു. ഇതിനായി ഹിന്ദുസ്ഥാൻ ലാറ്റെക്സ് ഫാമിലി പ്രൊമോഷൻ ട്രസ്റ്റിനെ നിർവഹണ ചുമതല ഏൽപ്പിക്കുകയും ചെയ്തിരുന്നു. കണ്ണൂർ വൃദ്ധ സദനത്തിൽ ആരംഭിച്ച പദ്ധതി തുടർന്ന് കൊല്ലം, മലപ്പുറം വൃദ്ധ സദനങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. കണ്ണൂർ വൃദ്ധസദനത്തിലെ സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതിയുടെ മൂന്ന് വർഷ കാലാവധി പൂർത്തിയായിട്ടുള്ളതാണ്.

**3). ഡിമെൻഷ്യ സെന്ററുകളുടെ പ്രവർത്തനം :-**വയോജനങ്ങളായ അൽഷിമേഴ്സ് രോഗികളുടെ പരിചരണത്തിനായി ARDSI യുടെ സഹകരണത്തോടെ തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് പകൽ പരിപാലന കേന്ദ്രവും , എറണാകുളം ജില്ലയിലെ എടവനക്കാട് മുഴുവൻ സമയ പരിചരണ കേന്ദ്രവും പ്രവർത്തിച്ചു വരുന്നു.

**4). ബോധി :-** സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്കിടയിൽ അനുദിനം വർദ്ധിച്ചു വരുന്ന ഡിമെൻഷ്യ രോഗത്തെ സംബന്ധിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ആദ്യ പടിയായി, എറണാകുളം ജില്ലാ ഭരണകൂടവും, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രജ്ഞ സെന്റർ ഫോർ ന്യൂറോ സയൻസുമായി ചേർന്ന് എറണാകുളം ജില്ലയെ ഡിമെൻഷ്യ സൗഹൃദ ജില്ല ആക്കി മാറ്റുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

**5).വയോ മധുരം പദ്ധതി:-**പ്രമേഹരോഗികൾ ആയ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ എന്ന ഉപകരണം സൗജന്യമായി നൽകുന്ന വയോമധുരം പദ്ധതി നടപ്പിലാക്കി വരുന്നു. ഗ്ലൂക്കോമീറ്റർ ആവശ്യമായ ഗുണഭോക്താക്കളിൽ നിന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർ സുനീതി പോർട്ടൽ വഴി അപേക്ഷകൾ സ്വീകരിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. 2018 മുതൽ ഈ കാലയളവുവരെ

പദ്ധതിയിൽ ഉൾപ്പെടുത്തി 26655 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്.

(6) വയോമിത്രം :-സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന സാമൂഹ്യ സുരക്ഷ ആവശ്യമായ 65 വയസ്സ് കഴിഞ്ഞ മുതിർന്ന പരൌ ഠാർക്ക് മാനസിക ഉല്ലാസവും, ആരോഗ്യ പരിരക്ഷയും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോട് കൂടി 2011- മുതൽ വയോമിത്രം പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സ് കഴിഞ്ഞവർക്ക് അവരുടെ വരുമാന പരിധി ബാധകമാക്കാതെ സൗജന്യമായി ജീവിതശൈലീ രോഗ നിയന്ത്രണ മരുന്നുകൾ, പാലിയേറ്റീവ് സേവനം, ഹെൽപ്പ്ഡെസ്കിൻറെ സേവനം, കൗൺസിലിംഗ് സേവനം, വാതിൽപ്പടി സേവനം എന്നിവ നൽകുന്നുണ്ട്. വയോമിത്രം ഹെൽപ്പ്ഡെസ്കിലൂടെ പുനരധിവാസം, നിയമസഹായം, ആംബുലൻസ് സേവനം, കിടപ്പിലായ വയോജനങ്ങൾക്കാവശ്യമായ സേവനങ്ങൾ എന്നിവയ്ക്കായി വയോജനങ്ങൾ ബന്ധപ്പെടുമ്പോൾ ബന്ധപ്പെട്ട വയോമിത്രം യൂണിറ്റ് നേരിട്ട് ഇടപെട്ട് ചെയ്യാൻ സാധിക്കുന്നവ നേരിട്ടും അല്ലാത്തവ ബന്ധപ്പെട്ട കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്തും ഇവർക്ക് ആവശ്യമായ സേവനം നൽകി വരുന്നു. കൂടാതെ വയോമിത്രം ഗുണഭോക്താക്കളിൽ തന്നെ ഒറ്റപ്പെടൽ അനുഭവിക്കുന്നവരും, മാനസിക സംഘർഷം അനുഭവിക്കുന്നവരുമായ വയോജനങ്ങൾക്ക് ആവശ്യമായ കൗൺസലിംഗ് കോർഡിനേറ്റർമാർ ഡോക്ടർമാരുമായി ചേർന്ന് നൽകി വരുന്നു.

ആദ്യഘട്ടമായി കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച വയോമിത്രം പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ 91 നഗരസഭ പ്രദേശത്തും 4 ബ്ലോക്ക് പഞ്ചായത്തുകളിലും വളരെ വിജയകരമായി നടപ്പാക്കി വരുന്നു. കൂടാതെ വയോജനങ്ങളുടെ മാനസികോല്ലാസത്തിനായി പരിപാടികൾ, വിനോദയാത്രകൾ, വിവിധ ദിനാചരണങ്ങൾ, സ്പെഷ്യലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും വയോമിത്രം പദ്ധതി വഴി നടപ്പിലാക്കുന്നു. ജനകീയ പങ്കാളിത്തത്തോടുകൂടി വയോമിത്രത്തെ നഗരപ്രദേശങ്ങളിലെ മുതിർന്ന പരൌഠാരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങൾ മിഷൻ നടത്തി വരുന്നു.

2022-23 സാമ്പത്തിക വർഷം മുതൽ വയോമിത്രം പദ്ധതിയിലൂടെ വാതിൽപ്പടി സേവനം എന്ന പദ്ധതിയിലൂടെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ടീം കിടപ്പ് രോഗികൾ, ഭിന്നശേഷിക്കാർ ആയിട്ടുള്ള മുതിർന്ന പൗരന്മാരുടെ വീടുകളിൽ എത്തി ചികിത്സ, മരുന്നുകൾ, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളും നൽകി വരുന്നു. കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന വയോമിത്രം പദ്ധതിയുടെ ഭാഗമായി മലബാർ ഗ്രൂപ്പിന്റെ സഹകരണത്തോടെ ജീവിതശൈലി രോഗ നിർണ്ണയ മെഡിക്കൽ ക്യാമ്പുകൾ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ 2015 മുതൽ നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ ബി.പി, കൊളസ്ട്രോൾ, ഷുഗർ എന്നിവയുടെ മെഷീൻ ടെസ്റ്റുകളും, യൂറിൻ (ഷുഗർ, ആൽബുമിൻ) ഇ.എസ്.ആർ ഒഴികെയുള്ള ബ്ലഡ് കരണ്ട് ടെസ്റ്റുകളും, കിഡ്നി ഫംഗ്ഷൻ ടെസ്റ്റുകളും, ഇ.സി.ജി എന്നിവയും, ബില്ലുറൂബിൻ ഹെപ്പറ്റൈറ്റിസ് ബി എന്നീ ടെസ്റ്റുകളും

സൗജന്യമായി നടപ്പാക്കി വരുന്നു. 2015 മുതൽ രണ്ട് ജില്ലകളിലായി ഏകദേശം 2000 ത്തിനു മേൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഒന്നര ലക്ഷത്തിനു മേൽ ഗുണഭോക്താക്കൾക്ക് പരിശോധനകളും നടത്തിയിട്ടുണ്ട്.വയോമിത്രം പദ്ധതിയിലൂടെ നാളിതുവരെ 289030 വയോജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട് .

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഡിമൻഷ്യ/അൽഷ്യമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്ക് എന്ന ഒരു പുതിയ പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ വയോമിത്രം പദ്ധതി ഗുണഭോക്താക്കൾ ആയിട്ടുള്ള വയോജനങ്ങൾക്കിടയിൽ നിന്നും ഡിമൻഷ്യ/അൽഷ്യമേഴ്സ് ബാധിതരെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും പരിചരണം നൽകുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

**7) വയോജന കാൾ സെന്റർ**

വയോജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിനു കേന്ദ്ര സർക്കാർ ധനസഹായത്തോടെ elder line എന്ന ഹെല്പ് ലൈൻ സാമൂഹ്യ നീതി വകുപ്പ് നടത്തിവരുന്നു.

**8) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 ന്റെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പുവരുത്തുന്ന പദ്ധതി**

വിവിധ തരം ചൂഷണങ്ങൾക്ക് വിധേയരായിക്കൊണ്ടിരിക്കുന്ന വയോജനങ്ങൾ മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ സമർപ്പിക്കുന്ന പരാതികളിൽ ഫലപ്രദമായ രീതിയിൽ നടപടികൾ കൈക്കൊള്ളുകയും, കേസുകളിൻമേൽ തീർപ്പ് കൽപ്പിക്കുന്നതിനുമായി ടെക്നിക്കൽ അസിസ്റ്റന്റുമാരെയും ഒരു സ്റ്റേറ്റ് കോർഡിനേറ്ററുടേയും സേവനം വകുപ്പ് ലഭ്യമാക്കി വരുന്നു . ഇവർ മുൻ കൈയ്യെടുത്ത് അദാലത്തുകൾ, മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.

9**). മുതിർന്ന പരന്മാർക്കായുള്ള ' സായംപ്രഭാ ഫോം പദ്ധതി – വയോജനങ്ങൾക്കായുള്ള പകൽ പരിപാലന കേന്ദ്രം :-**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലെ പകൽ വീടുകളിൽ അടിസ്ഥാന സൗകര്യങ്ങളും, വിവിധ സേവനങ്ങളും ഉൾപ്പെടുത്തി സായംപ്രഭാ ഹോമുകളാക്കി അപ്ഗ്രേഡ് ചെയ്തുവരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ മാതൃകാ സായംപ്രഭ പദ്ധതിയും നടപ്പിലാക്കി വരുന്നു.

**10). വയോരക്ഷ പദ്ധതി :-** സംരക്ഷിക്കാൻ ആരുമില്ലാത്തതും തെരുവിൽ കഴിയുന്നവരുമായ വയോജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ ചികിത്സ, പുനരധിവാസം എന്നിവ നൽകുന്നതിനുള്ള പദ്ധതി. ആരുടെയും തുണയും കരുതലും സഹായവുമില്ലാതെ ജീവിക്കുന്നതും, ശാരീരികമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതും, പങ്കാളികൾ മരണപ്പെട്ട് ഒറ്റയ്ക്ക് ജീവിക്കുന്നതുമായ മുതിർന്ന പൗരന്മാർക്ക് അടിയന്തിര വൈദ്യ സഹായം നൽകുക,

വയോജനങ്ങളുടെ പുനരധിവാസം ഉറപ്പുവരുത്തുക, സാമൂഹിക. സാമ്പത്തിക ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സമൂഹത്തിലെ മുതിർന്ന പൗരൻമാർക്ക് അടിയന്തിര സാഹചര്യത്തിൽ സഹായം എത്തിക്കുക. അടിയന്തിര പ്രാഥമിക ശസ്ത്രക്രിയ, ആംബുലൻസ് സേവനം, പുനരധിവാസം, കെയർഗിവർമാരുടെ സേവനം, വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങുക എന്ന ഉദ്ദേശത്തോടുകൂടി 2021-22 സാമ്പത്തിക വർഷം മുതൽ നടപ്പാക്കുന്ന പദ്ധതിയാണ് വയോരക്ഷ പദ്ധതി. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 196 ഗുണഭോക്താക്കൾക്കു സംസ്ഥാനത്ത് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്

**11). വയോസേവന അവാർഡ് :-** വയോജന മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ. സംഘടനകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മുതിർന്ന പൗരന്മാരിലെ മികച്ച വ്യക്തിത്വങ്ങൾക്കും അംഗീകാരം നല്കുന്നതിനായി വയോസേവന അവാർഡ് നൽകിവരുന്നു.

**12) സർക്കാർ വൃദ്ധ സദനങ്ങൾ:-** 60 വയസ്സ് കഴിഞ്ഞതും ആരും സംരക്ഷിക്കാനില്ലാത്തതും നിരാശ്രയരുമായ മുതിർന്ന പൗരന്മാരുടെ ക്ഷേമം,. സംരക്ഷണം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി കേരളത്തിൽ 14 ജില്ലകളിലായി 16 സർക്കാർ വൃദ്ധ സദനങ്ങൾ പ്രവർത്തിച്ചു വരുന്നു.

**13) സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങൾക്ക്** ഓർഫനേജ് കൺട്രോൾ ബോർഡ് മുഖേന സർക്കാർ ഗ്രാന്റ് നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. 2021 -22 സാമ്പത്തിക. വർഷം 199 സന്നദ്ധ സംഘടനകൾ മുഖേന സംരക്ഷണം നൽകി വരുന്ന 8147 വയോജനങ്ങൾക്ക് മേൽപ്പറഞ്ഞ പ്രകാരം ഗ്രാന്റ് അനുവദിച്ചു നൽകിയിരുന്നു. പ്രതിമാസം ഒരു താമസക്കാരൻ 1,109/- രൂപ നിരക്കിലാണ് NGO യ്ക്ക് ഗ്രാന്റ് നൽകിവരുന്നത് .

സ.ഉ. (കൈ) നം. 84/2022/തസ്വഭ തീയതി 19.04.2022 പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുള്ള പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങൾക്ക് അനുവദിച്ചിരിക്കുന്ന വികസന ഫണ്ടിന്റെ കുറഞ്ഞത് 5% തുക എങ്കിലും വയോജനങ്ങളുടെ ക്ഷേമത്തിനും, പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പകൽ വീട്, വയോജന പരിപാലന കേന്ദ്രങ്ങൾ എന്നിവയുടെ നടത്തിപ്പ് വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യൽ, കെയർ ഗിവർമാരുടെ സേവനം ലഭ്യമാക്കൽ തുടങ്ങി വൈവിദ്ധ്യപൂർണമാ വയോജന സൗഹൃദ പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഇവയ്ക്ക് പുറമെ 60 വയസ്സ് പൂർത്തിയായവർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി എല്ലാ മാസവും വാർദ്ധക്യകാല പെൻഷനും തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന അനുവദിക്കുന്നുണ്ട്.